# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 6359 03.04.2018 ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പ് പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളുകളിൽ സെമിനാർ നടത്തുവാൻ ഉദ്ദേശിച്ചിരുന്നോയെന്നറിയിക്കാമോ; | (എ) | ഉദ്ദേശിച്ചിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലത്തിലും നടത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇല്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ സവിശേഷതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, ഹ്യൂമൺ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, പാർലമെന്ററി ലിറ്ററസി ക്ലബ്ബ് എന്നിവ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും യഥാക്രമം 4, 2, 2, 2 എന്നിങ്ങനെ ആകെ 10 സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് അറിയിക്കണമെന്ന് നിയമസഭാ സാമാജികരോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 101 നിയമസഭാ സാമാജികർ സ്കൂളുകളുടെ പട്ടിക ലഭ്യമാക്കുകയും പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2017-18 ലെ പരിപാടികൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ടി സ്കൂളുകൾക്ക് അയച്ചു കൊടുക്കുകയും ചെയ്തു. അതിൽ നാളിതുവരെ 144 സ്കൂളുകൾ സെമിനാർ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും 141 സ്കൂളുകളുടെ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മങ്കടയിൽ നിന്നും നൽകിയ ശുപാർശയിൽ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | മങ്കട നിയോജക മണ്ഡലത്തിൽ നിന്നും ജി.എച്ച്.എസ്.എസ് മങ്കട, ജി.എച്ച്.എസ്.എസ് പള്ളിപ്പുറം, എന്നീ സ്കൂളുകളിൽ സെമിനാറും ജി.എച്ച്.എസ്.എസ് ചെറിയം, ജി.എച്ച്.എസ്.എസ് പള്ളിപ്പുറം എന്നീ സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരവും, ജി.വി.എച്ച്.എസ്.എസ് മകരപ്പറമ്പ്, ജി.എച്ച്.എസ്.എസ് കടുങ്ങാപുരം എന്നീ സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബും, ജി.എച്ച്.എസ്.എസ് പള്ളിപ്പുറം കുട്ടിലങ്ങാടി , ജി.എച്ച്.എസ്.എസ് മങ്കട എന്നീ സ്കൂളുകളിൽ ഹ്യൂമൺ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബും നടത്തുന്നതിനായി ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് പരിപാടികൾ നടത്താൻ പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിരുന്നു. അതിൽ ജി.എച്ച്.എസ്.എസ് മങ്കട, ജി.എച്ച്.എസ്.എസ് പള്ളിപ്പുറം എന്നീ സ്കൂളുകൾ മാത്രം സെമിനാർ നടത്തി റിപ്പോർട്ട് പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ